(സി) സർക്കാർ ഉത്തരവ് ജി.ഒ.(പി)380/90/ധന 1-7-1990 തീയതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി ബില്ലുകൾ മാറുന്നുണ്ട്. സംസ്ഥാനത്തിന് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയില്ല.

(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) എൽ.ഐ.സി. ജി.ഐ.സി., നബാർഡ് ,എൽ.സി.ഡി.സി. എന്നിവയിൽ നിന്നും മുൻവർഷങ്ങളിലെപ്പോലെ കടമെടുത്തിട്ടുണ്ട്.

(എഫ്) എൽ.ഐ.സി. 13 ശതമാനം

ജി.ഐ.സി. 13 ശതമാനം

എൽ.സി.ഡി.സി. 14 ശതമാനം

നബാർഡ് 7.5 ശതമാനം എന്നീ നിരക്കിൽ പലിശ നൽകുന്നു.

(ജി) ഡി.എ. കുടിശ്ശിക ഇനത്തിൽ ആകെ 9 ശതമാനം, അടിസ്ഥാന ശമ്പള ഇനത്തിൽ നൽകാനുണ്ട്. മറ്റ് വിശദാംശങ്ങൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

(എച്ച്) ഏകദേശം 188 കോടി രൂപ വേണ്ടി വരും.

(ഐ) 19.48 കോടി രൂപ ചെലവായി. കുടിശ്ശിക നൽകാനില്ല.

(ജെ) കുടിശ്ശിക നൽകാനില്ല.

(കെ) മുൻഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ലോട്ടറികളുടെ നറുക്കെടുപ്പ്

141 (464) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് ഒരു മാസം എത്ര ലോട്ടറികളുടെ നറുക്കെടുപ്പ് നടത്തുന്നു ;

(ബി) പ്രതിമാസം സൂപ്പർ ബംബർ ഉൾപ്പെടെ എത്ര ഒന്നും, രണ്ടും, മൂന്നും സമ്മാനങ്ങൾ നൽകുന്നു ;

(സി) ഓരോ മാസത്തിലും നറുക്കെടുക്കുന്ന ലോട്ടറികളിൽ ഒന്നും, രണ്ടും, മൂന്നും സമ്മാനങ്ങൾ ലഭിക്കുന്നവർക്ക് എന്ത് തുക വീതമാണ് നൽകുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതുകൂടാതെ മറ്റു സമ്മാനങ്ങളായി പ്രതിമാസം എന്തു തുക എല്ലാ ലോട്ടറികളിലുമായി സമ്മാനം നൽകുന്നു ;

(ഇ) ലോട്ടറി ടിക്കറ്റ് വിറ്റ് പ്രതിമാസം എന്തു തുക കിട്ടുന്നു ;

(എഫ്) ഇതിന്റെ എത്ര ശതമാനമാണ് സമ്മാനമായി കൊടുക്കുന്നത് ;

(ജി) 2000 ഡിസംബർ, 2001 ജനുവരി എന്നീ മാസങ്ങളിലും 2001 ഫെബ്രുവരിയിൽ 8-ാം തിയതി വരെയും നടത്തിയ നറുക്കെടുപ്പുകളിൽ അയ്യായിരം രൂപയ്ക്ക് മേൽ സമ്മാനം ലഭിക്കാവുന്ന നറുക്ക് ലഭിച്ചവരുടെ സമ്മാനം കൊടുക്കാതിരുന്നിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ഒട്ടാകെ എന്തു തുകയ്ക്കുള്ള സമ്മാനങ്ങൾ ഈ കാലഘട്ടത്തിൽ കൊടുക്കാതെയുണ്ട് ;

(ഐ) നറുക്കെടുപ്പിൽ സമ്മാനം ലഭിച്ചവർക്ക് സമ്മാനത്തുക യഥാസമയം കൊടുക്കാത്തതിനുള്ള കാരണമെന്ത് ;

(ജെ) ഇത് സംസ്ഥാനത്തിന്റെ ലോട്ടറിയിലുള്ള വിശ്വാസത്തിന് ഭംഗം വരുത്തുകയില്ലേ ?

ഉത്തരം

(എ) പെരിയാർ, മാവേലി, കൈരളി, സൗഭാഗ്യ എന്നീ ലോട്ടറികളിൽ ആഴ്ചയിൽ ഒരു നറുക്കെടുപ്പ് എന്ന ക്രമത്തിൽ ഒരു മാസം 17,18 നറുക്കെടുപ്പുകൾ നടത്തുന്നുണ്ട്.

(ബി) സൂപ്പർ ബംബർ ഉൾപ്പെടെ പ്രതിമാസം 16 ഒന്നാം സമ്മാനങ്ങളും, 32 രണ്ടാം സമ്മാനങ്ങളും, 625 മൂന്നാം സമ്മാനങ്ങളും നൽകി വരുന്നുണ്ട്.

(സി) ഓരോ ലോട്ടറിയുടെയും ഒന്നും ,രണ്ടും, മൂന്നും സമ്മാനങ്ങൾ ലഭിക്കുന്ന സമ്മാനാർഹർക്ക് നൽകുന്ന തുകയുടെ വിവരം അനുബന്ധമായി വയ്ക്കുന്നു.†

(ഡി) ഒന്നും, രണ്ടും, മൂന്നും സമ്മാനങ്ങൾ കൂടാതെ ഓരോ ലോട്ടറിക്കും നൽകുന്ന സമ്മാന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

കൈരളി	96,98,800 രൂപ
പെരിയാർ	87,50,280 രൂപ
മാവേലി	66,98, 680 രൂപ
കൈരളി	96,98,800 രൂപ
സൗഭാഗ്യ	92,78,800 രൂപ

(ഇ) ശരാശരി മാസ വിറ്റുവരവ് 12,29,97,013 രൂപയാണ്.

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സമ്മാനഘടന അനുസരിച്ച് മൊത്തം വരുമാനത്തിൽ കൈരളിയുടെ 46 ശതമാനവും മാവേലിയുടെ 43 ശതമാനവും പെരിയാറിന്റെ 33 ശതമാനവും സൗഭാഗ്യയുടെ 32 ശതമാനവും സമ്മാനമായി നൽകുന്നു.

(ജി-ഐ) ഈ കാലയളവിൽ 3,55,49,700 രൂപയ്ക്കായുള്ള സമ്മാനത്തുകകൾ വിതരണത്തിനായി ഉണ്ട്. ഈ സമ്മാനത്തുകകൾ നൽകുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

(ജെ) ഇല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

ചരമോപചാരം

ഇന്ദ്രജിത്ഗുപ്തയുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ, ഓർഡർ...

പ്രഗല്ഭ പാർലമെന്റേറിയനും പ്രമുഖ ട്രേഡ് യൂണിയൻ നേതാവും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയുടെ ജനറൽ സെക്രട്ടറിയുമായിരുന്ന ഇന്ദ്രജിത്ഗുപ്ത നിര്യാതനായി. നാല് പതിറ്റാണ്ടിലേറെക്കാലം ഇൻഡ്യയിലെ അദ്ധ്വാനിക്കുന്ന ജനകോടികൾക്കുവേണ്ടി പാർലമെന്റിൽ അദ്ദേഹം പടപൊരുതി. 1960-ൽ ലോക്സഭയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട നാൾ മുതൽ, ചെറിയൊരു ഇടവേളയിലൊഴികെ, മരണം വരെ അദ്ദേഹം പാർലമെന്റംഗമായിരുന്നു. 1992-ൽ മികച്ച പാർലമെന്റേറിയനുള്ള ജി.ബി. പന്ത് അവാർഡ് അദ്ദേഹത്തിന് സമ്മാനിക്കപ്പെട്ടു. 1996-98 കാലയളവിൽ അദ്ദേഹം കേന്ദ്ര ആഭ്യന്തരമന്ത്രിയായിരുന്നു.

9.30 A.M]

ലാളിത്യവും ആദർശനിഷ്ഠയും രാഷ്ട്രീയ സദാചാരങ്ങളോടും മൂല്യങ്ങളോടുമുള്ള അചഞ്ചലമായ കൂറും പ്രത്യയശാസ്ത്രത്തോടുള്ള പ്രതിബദ്ധതയും ഇന്ദ്രജിത് ഗുപ്ത ജീവിതത്തിലുടനീളം കാത്തുസൂക്ഷിച്ചു. "അപൂർവ്വ വിപ്ലവകാരിയും മഹാനായ മനുഷ്യസ്നേഹി "യുമായിരുന്നു ഇന്ദ്രജിത് ഗുപ്ത എന്നാണ് ആദരണീയനായ രാഷ്ട്രപതി വിശേഷിപ്പിച്ചത്.

അദ്ദേഹത്തിന്റെ നിര്യാണം ട്രേഡ് യൂണിയൻ-ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് നികത്താനാവാത്ത നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

പരേതനോടുള്ള ആദരസൂചകമായി നമുക്ക് ഒരു നിമിഷം മൗനമാചരിക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- X

141 (464) -ാം നമ്പർ ചോദ്യം കാണുക.

ഓരോ ലോട്ടറിയുടെയും, ഒന്ന്, രണ്ട്, മൂന്ന് എന്നീ സമ്മാനാർഹർക്ക് നൽകുന്ന സമ്മാനത്തുകയുടെ വിവരം

ലോട്ടറി	സമ്മാനത്തുക	ഇൻകം ടാക്സ് കഴിഞ്ഞ് സമ്മാനാർഹന് ലഭിക്കുന്ന തുക
കൈരളി സൂപ്പർ	ഒന്നാം സമ്മാനം 25,00,000 + മാരുതി കാർ	12,62,200 രൂപയും കാറും
	രണ്ടാം സമ്മാനം 3,00,000	1,53,400
	മൂന്നാം സമ്മാനം 25,000 x 10	14,800 x 10
കൈരളി സാധാരണ നറുക്കെടുപ്പ്	1-ാം സമ്മാനം 10,00,000	5,06,200
	2-ാം സമ്മാനം 2,00,000	1,03,000
	3-ാം സമ്മാനം 5,000 x 45	5,000 x 45
പെരിയാർ	1-ാം സമ്മാനം 7,00,000 x 3	3,55,000 x 3
	2-ാം സമ്മാനം 1,00,000 x 3	52,600 x 3
	3-ാം സമ്മാനം 5,000 x 75	5,000 x 75
മാവേലി	1-ാം സമ്മാനം 9,00,000	4,55,800
	2-ാം സമ്മാനം 1,00,000 x 3	52,600 x 3
	3-ാം സമ്മാനം 5,000 x 45	5,000 x 45
സൗഭാഗ്യ	1-ാം സമ്മാനം 20,00,000	10,10,200
	2-ാം സമ്മാനം 1,00,000 x 3	52,600 x 3
	3-ാം സമ്മാനം 50,000 x 3	27,400 x 3

LIBRARY ARCHIVES Kerala Legislative Assembly